അംഗം ഇക്കാര്യം അവരെ ബോധ്യപ്പെടുത്തണം. ഐഡന്റിറ്റി കാർഡ് കൊടുക്കുന്നതിനുള്ള ഗവണ്മെന്റിന്റെ ചർച്ചയെപ്പോലും തുരങ്കം വച്ചത് എന്തുകൊണ്ടാണെന്ന് പരിശോധിക്കണം. അതിൽ രാഷ്ട്രീയമില്ല. പരിശോധിച്ച് തീരുമാനിക്കാം.

(15) അലോപ്പതി നഴ്സുമാർ നടത്തുന്ന സെക്രട്ടേറിയറ്റിനു മുന്നിലെ സമരം

ശ്രീ. പി.ജെ. ഫ്രാൻസിസ് : സർ, അലോപ്പതി വിഭാഗത്തിലെ നഴ്സുമാർ ഇപ്പോൾ സെക്രട്ടേറിയറ്റ് നടയിൽ സമരത്തിലാണ്. പ്രതാപൻ കമ്മിഷൻ റിപ്പോർട്ടനുസരിച്ച് അവർക്ക് പ്രൊമോഷൻ കൊടുക്കണമെന്ന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. അതനുസരിച്ചുള്ള പ്രൊമോഷൻ കൊടുക്കാത്തതുകൊണ്ടാണ് അവർ സമരം നടത്തുന്നത്. 10-ാം കേരള നിയമസഭയിൽ അങ്ങ് അവർക്ക് പ്രൊമോഷൻ നടപ്പാക്കുമെന്ന് ഉറപ്പ് കൊടുത്തിരുന്നു. നാളിതുവരെ അത് പാലിച്ചിട്ടില്ല. നഴ്സിംഗ് സൂപ്രണ്ട് തസ്തികയിലേക്കും ഹെഡ് നഴ്സ് തസ്തികയിലേക്കുമാണ് പ്രൊമോഷൻ ലഭിക്കേണ്ടത്. നഴ്സിംഗ് സൂപ്രണ്ട് തസ്തികയിൽ എൺപതോളം ഒഴിവുകളുണ്ട്. ആലപ്പുഴ മെഡിക്കൽ കോളേജിൽ അഞ്ച് ഒഴിവുകളുണ്ട്. 1998 സെപ്റ്റംബർ മുതൽ ഇതുവരെയായി ഒരു പ്രൊമോഷൻപോലും നടത്തിയിട്ടില്ല. ഹെഡ് നഴ്സ് തസ്തികയിലേക്കാണെങ്കിൽ 1998 മാർച്ചിനുശേഷം ഒരൊറ്റ പ്രൊമോഷനും നടത്തിയിട്ടില്ല. പ്രൊമോഷനു അർഹതപ്പെട്ടവർ പ്രൊമോഷൻ ലഭിക്കാതെ റിട്ടയർ ചെയ്തു പോകുകയാണ്. ഈ ദുഃസ്ഥിതിക്ക് അവസാനമുണ്ടാകണം. വാഗ്ദാനം പോരാ. നടപടി സ്വീകരിക്കണമെന്നഭ്യർത്ഥിക്കുന്നു.

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. എ.സി. ഷൺമുഖദാസ്) : സർ, പ്രതാപൻ കമ്മിഷൻ റിപ്പോർട്ട് നടപ്പാക്കുമെന്ന വാഗ്ദാനം ഈ ഗവണ്മെന്റ് ഉത്തരവ് പുറപ്പെടുവിച്ചുകൊണ്ട് നിറവേറ്റിയിട്ടുണ്ട്. 11.5.'98-ലും 2.11.'98-ലും സർക്കാർ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. നഴ്സുമാരെ സംബന്ധിച്ചിടത്തോളം ഗസറ്റഡ് തസ്തികകൾ വളരെ കൂടുതലാണ്. ഡോക്ടർമാർ അടക്കമുള്ള സംഘടനകൾക്ക് അതിനെപ്പറ്റി ആക്ഷേപമുണ്ട്. ഡോക്ടർമാർക്കുപോലും ലഭിക്കാത്ത തരത്തിലുള്ള ശമ്പളസ്കെയിലും തസ്തികകളുമാണ് നഴ്സുമാർക്ക് അനുവദിച്ചിരിക്കുന്നത് എന്ന് കെ.ജി.എം.ഒ.യുടെ സ്റ്റേറ്റുമെന്റ് പത്രത്തിൽ വന്നിരുന്നു. ഡി.പി.സി.യുടെ തീരുമാനം സംബന്ധിച്ച് ഇവിടെ പറഞ്ഞിട്ടുള്ളതാണ്. കഴിഞ്ഞ കുറെ കൊല്ലങ്ങളായി ഡി.പി.സി. കൂടാറില്ലായിരുന്നു. ഇപ്പോൾ ഡി.പി.സി. കൂടാനുള്ള നടപടി നടക്കുകയാണ്. ഡി.പി.സി. കൂടാനുള്ള കാലതാമസമാണ് ഇതിനുള്ള കാരണം. ഡി.പി.സി. കൂടി ഒരു ദിവസം കൊണ്ട് പരിഹരിക്കാൻ കഴിയുന്ന പ്രശ്നമല്ല ഇത്. ഗവണ്മെന്റ് നയപരമായി തീരുമാനിച്ച് ഉത്തരവ് പുറപ്പെടുവിച്ചു കഴിഞ്ഞു. കഴിഞ്ഞ ഗവണ്മെന്റ് നഴ്സിംഗ് സ്റ്റുഡന്റ്സിനുള്ള സ്റ്റൈപ്പന്റ് നിർത്തലാക്കി. ഈ ഗവണ്മെന്റ് അത് പുനഃസ്ഥാപിച്ചു കൊടുത്തു. ഇത്തരം ആനുകൂല്യങ്ങളും നടപടികളും ഒരു കാലത്തുമുണ്ടായിട്ടില്ല. ബഹുമാനപ്പെട്ട അംഗത്തിന്റെ സംഘടന ഇക്കാര്യത്തിൽ കാണിക്കുന്ന വിവരം അവർ പ്രതീക്ഷിക്കുന്ന രീതിയിൽ മുന്നോട്ടു പോകുന്നതിൽ ഗവണ്മെന്റ് അമാന്തം വരുത്തിയിട്ടില്ല. ഗവണ്മെന്റ് ഇക്കാര്യം പ്രത്യേകം പരിശോധിക്കാം. *(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)*

LIBRARY ARCHIVES Kerala Legislative Assembly